ശ്രീമതി നഫീസത്തുബീവി: കയർവ്യവസായരംഗത്തുള്ള തകർച്ചയും വർദ്ധമാനമായ തൊഴിലില്ലായ്മയും പരിഗണിച്ച് ആലപ്പുഴയിൽ ഒരു മറൈൻ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് ആലോചിക്കുമോ?

ശ്രീ. കെ. എ. ദാമോദര മേനോൻ: ആലപ്പുഴയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കാനുള്ള നിശ്ചയം ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം സിറ്റി കാർപ്പൊറേഷന്റെ തിരഞ്ഞെടുപ്പ്

* 667. [12] † ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കാലാവധിയിന്നു തിരുവനന്തപുരം സിറ്റി കാർപ്പൊറേഷന്റെ തിരഞ്ഞെടുപ്പു നീട്ടിവയ്ക്കാൻ പ്രത്യേക കാരണങ്ങളെന്താണ്;

(ബി) സിറ്റി കാർപ്പൊറേഷനോടു പുതുതായി ചേർത്തിട്ടുള്ള പ്രദേശങ്ങൾക്ക് കാർപ്പൊറേഷൻ ഇപ്പോൾ കരം ഈടാക്കിവരുന്നതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ തിരഞ്ഞെടുപ്പു കഴിഞ്ഞു പുതിയ കൗൺസിൽ ഭരണം പ്രാപിക്കുന്നതുവരെ പ്രസ്തുത കരംപിരിവു നിർത്തിവയ്ക്കുവാൻ ഗവണ്മെന്റ് കാർപ്പൊറേഷനെ നിർദ്ദേശിക്കുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദര മേനോൻ):

(എ) നിലവിലിരുന്ന കൗൺസിലിന്റെ കാലാവധി 1-1-1964 വരെയായിരുന്നു. 1961–62 വർഷങ്ങളിൽ കടകംപള്ളി, ഉള്ളൂർ, രണ്ടാമട, വട്ടിയൂർക്കാവ്, തിരുമല, അമ്പലത്തറ എന്നീ പഞ്ചായത്തുകളിൽപെട്ട ചില പ്രദേശങ്ങൾ കാർപ്പറേഷനതൃത്തിയിലുൾപ്പെടുത്തുകയുണ്ടായി. പുതുതായുൾപ്പെടുത്തിയ പ്രദേശങ്ങൾക്ക് കൗൺസിലിൽ പ്രാതിനിദ്ധ്യം കൊടുക്കുകയും വാർഡുകൾ പുനർവിഭജനം നടത്തുകയും ചെയ്യേണ്ടതു് ആവശ്യമായിവന്നു. കൂടാതെ കാലിക്കട്ടസിറ്റി മുൻസിപ്പൽ ആക്ടിലെ വ്യവസ്ഥകൾ തിരുവനന്തപുരം നഗരത്തിനു് ബാധകമാക്കണമെന്നും ഗവണ്മെന്റ് തീരുമാനിച്ചു് അക്കാര്യങ്ങൾക്കുള്ള നിയമനിർമ്മാണം പൂർത്തിയാക്കി 1-1-1964–നു മുൻപു് കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പു് നടത്താൾ സാധിക്കാതെവന്നു. അതിനാൽ കൗൺസിലിന്റെ കാലാവധി ദീർഘിപ്പിക്കാൻ ഗവണ്മെന്റ് നിർബന്ധിതമായി.

(ബി) ഉണ്ടു്.

(സി) നിലവിലിരിക്കുന്ന തിരുവനന്തപുരം സിറ്റി മുൻസിപ്പൽ ആക്ടനുസരിച്ചു് ഗവണ്മെന്റിനു് അധികാരമില്ല.

ശ്രീ. ഇ. പി. ഗോപാലൻ: കാർപ്പറേഷനിൽ പുതിയതായി ഉൾപ്പെടുത്തിയ പ്രദേശങ്ങളുടെ നിയമനിർമ്മാണം കഴിയുകയും കാർപ്പറേഷന്റെ മറ്റു പ്രവർത്തനങ്ങൾ അങ്ങോട്ടു് വികസിപ്പിക്കുകയും ചെയ്യുന്നതിനുമുൻപു് അവിടെ കരം ചുമത്തിയതു് ശരിയല്ലെന്നുള്ള ഒരു നിർദ്ദേശം കാർപ്പറേഷനു കൊടുക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. കെ. എ. ദാമോദര മേനോൻ: അതൊക്കെ സ്വയംഭരണാധികാരമുള്ള കാർപ്പറേഷനാണു് ആലോചിച്ചു തീരുമാനിക്കാനുള്ളതു്.

സ്പിന്നിംഗ് മില്ലുകൾ

* 668. [13] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് അടുത്ത സാമ്പത്തികവർഷത്തിൽ ഏതെങ്കിലും സ്പിന്നിംഗ് മില്ലുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

† Put by Shri E. P. Gopalan.

LIBRARY ARCHIVES Kerala Legislative Assembly